# നീര സംസ്കരണപ്ലാന്റ് ജൂലൈയിൽ പ്രവർത്തനമാരംഭിക്കും

തിരുവനന്തപുരം: കൈപ്പുഴ നാളികേര ഉൽപ്പാദക കമ്പനി ജൂലൈ 15 മുതൽ നീരയുടെ ഉത്പ്പാദനം ആരംഭിക്കും. ഒരു കോടി രൂപ ചെലവു പ്രതിക്ഷിക്കുന്ന 14000 ചതുരശ്ര അടി വിസ്തീർണമുള്ള നീര സംസ്കരണ പ്ലാന്റിന്റെ നിർമാണം കൊല്ലം മൈനാഗപ്പള്ളിക്കടുത്ത് കടപ്പാവാർഡിൽ ആരംഭിച്ചു.

കടപ്പവാർഡിൽ പ്ലാന്റിനായി ഒന്നരഏക്കർ സ്ഥലം കമ്പനി പാട്ടത്തിന് എടുത്തിട്ടുണ്ട്. ഇതിന്റെ പ്ലാനും എസ്റ്റിമേറ്റും പൂർത്തിയായി. ഒന്നര മാസം കൊണ്ട് നിർമാണം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കമ്പനിയുടെ പ്രതീക്ഷ. നീരമാത്രമല്ല അനുബന്ധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും ഇവിടെ നടക്കും.

പ്ലാന്റിന്റെ നിർമ്മാണത്തിനായി 25 ലക്ഷം രൂപയുടെ സഹായവാഗ്ദാനം ലഭിച്ചതായി കമ്പനി ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ അറിയിച്ചു. ടാപ്പു ചെയ്യാനുള്ള തെങ്ങുകളുടെ വിവരങ്ങൾ ശേഖരിച്ച് എക്സൈസ് അധികൃതർക്ക് കൈമാറിക്കഴിഞ്ഞു. ജില്ലയിൽ രൂപീകൃതമായ എല്ലാ നാളികേര ഉൽപാദക ഫെഡറേഷനുകളും നീര ഉൽപാദിപ്പിക്കാനുള്ള ലൈസൻസിന് അപേക്ഷ സമർപ്പിച്ചുകഴിഞ്ഞു. കമ്പനിതലത്തിൽ സംസ്കരണം തുടങ്ങുന്നതോടുകൂടി ദിനംപ്രതി 15,000 ലിറ്ററിലേറെ നീര സംസ്കരണം നടത്താൻ കഴിയും.

ഉൽപ്പാദനം ആരംഭിച്ചാലുടൻ സംസ്കരണവും വിപണനവും ഉണ്ടാവും. പല വൻകിട കമ്പനികളിൽ നിന്നും ഇതിനോടകം നീരയുടെ വ്യാപാര അന്വേഷണങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ആഴ്ചയിൽ 500 മില്ലി യുടെ 30,000 നീര ബോട്ടിലുകൾ ലഭിക്കാനുള്ള സാധ്യതകളെക്കുറിച്ച് ഡൽഹിയിൽ നിന്നും ഗൾഫിൽ നിന്നുമുള്ള ഏജൻസികൾ അന്വേഷണം നടത്തിയതായും കമ്പനി അധികൃതർ അറിയിച്ചു.